64 (1170) കുടിവെള്ളത്തിൽ ഫ്ളൂറൈഡ് കലർന്നതായി പരാതി

ശ്രീ. സി. മൊയിൻകുട്ടി :
ശ്രീ. പി.കെ.കെ. ബാവ :
ശ്രീ. പി.കെ. അബ്ദുറബ്ബ് :
ശ്രീ. ചെർക്കളം അബ്ദുള്ള :

ശ്രീ. സി.ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജല സേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപ്രദേശങ്ങളിൽ കുടിവെള്ള വിതരണത്തിനായുള്ള ചില പദ്ധതികളിൽ വെള്ളത്തിൽ ഫ്ളൂറൈഡ് കലർന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം പ്രദേശങ്ങളിലാണ് ക്രമത്തിലധികം ഫ്ളൂറൈഡ് കലർന്നതായി അറിവായിട്ടുള്ളത്;

(സി) ഫ്ളൂറൈഡ് നീക്കം ചെയ്ത വെള്ളം ശുദ്ധമാക്കാൻ എന്തു നടപടി സ്വീകരിച്ചു എന്ന് അറിയിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ആലപ്പുഴ ജില്ലയിൽ ആലപ്പുഴ പട്ടണത്തിൽ കൂടാതെ ചേർത്തലയിലും മാരാരിക്കുളത്തും കുഴൽക്കിണറുകളിൽ നിന്നും കിട്ടുന്ന വെള്ളത്തിലും, പാലക്കാട് ജില്ലയിലെ കൊഴിഞ്ഞാംപാറ, വടകരപതി, പുതുശ്ശേരി, എരുത്തേംപതി എന്നീ പഞ്ചായത്തുകളിൽ ലഭിക്കുന്ന വെള്ളത്തിലും ഫ്ളൂറൈഡിന്റെ അംശം അനുവദനീയമായ അളവിലും കൂടുതൽ കണ്ടിട്ടുണ്ട്.

(സി) അടുത്ത കാലത്താണ് ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടത്. അതു കൊണ്ട് ഫ്ളൂറൈഡിന്റെ അംശം കുറയ്ക്കുന്നതിനുള്ള നടപടികൾ എടുക്കുന്നതിനുള്ള നീക്കം നടന്നുവരുന്നു. ക്രമത്തിലധികം ഫ്ളൂറൈഡ് കണ്ടുപിടിച്ച കുഴൽക്കിണറുകൾ ഉപയോഗിക്കുന്നില്ല.

കേന്ദ്ര ഗവൺമെന്റിന്റെ ടെക്നോളജി മിഷന്റെ സബ്മിഷൻ പ്രോഗ്രാം അനുസരിച്ച് കൊഴിഞ്ഞാംപാറ, എരുത്തേംപതി, വടകരപതി എന്നീ പഞ്ചായത്തുകൾക്കായി പുഴ സ്രോതസ്സാക്കിക്കൊണ്ട് ഒരു ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി അംഗീകരിക്കുകയും ആ പദ്ധതി നടപ്പിലാക്കി വരുകയും ചെയ്യുന്നു. അതുപോലെ പുതുശ്ശേരി പഞ്ചായത്തിനു മലമ്പുഴ സ്രോതസ്സാക്കിക്കൊണ്ട് ഒരു പദ്ധതിക്ക് ഇപ്പോൾ അനുമതി നൽകി. ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഫ്ളൂറൈഡ് കൂടുതലുള്ള കുഴൽക്കിണർ സ്രോതസ്സുകൾ ഒഴിവാക്കി പകരം മറ്റു സ്രോതസ്സുകൾ ഉപയുക്തമാക്കി കഴിവതും പദ്ധതികൾ ആവിഷ്കരിക്കുക എന്നതാണ് അഭികാമ്യമായി കണ്ടിട്ടുള്ളത്.

65 (1171) ആലപ്പുഴ നഗരത്തിലെ കുടിവെള്ളപ്രശ്നം

ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജല സേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) ആലപ്പുഴ നഗരത്തിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി 1997ൽ കണ്ടിജൻസി ഫണ്ടിൽനിന്നും എത്ര രൂപയാണ് അനുവദിച്ചത് എന്ന് വ്യക്തമാക്കുമോ?

(ബി) അനുവദിച്ച തുക മുഴുവൻ വാട്ടർ അതോറിറ്റിക്കു കൈമാറിയിട്ടുണ്ടോ; എങ്കിൽ ഈ തുകയിൽ എത്ര രൂപ വാട്ടർ അതോറിറ്റി ഏതെല്ലാം ആവശ്യങ്ങൾക്കായി ചെലവഴിച്ചിട്ടുണ്ട്; വിശദവിവരം വ്യക്തമാക്കുമോ;

(സി) നഗരത്തിൽ ഒരു ദിവസം എത്ര ലിറ്റർ ശുദ്ധജലം ആവശ്യം ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ആവശ്യമായ ശുദ്ധജലം സംഭരിക്കുന്നതിനും വിതരണം ചെയ്യുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദവിവരം വെളിപ്പെടുത്തുമോ;

(ഇ) വാട്ടർ അതോറിറ്റിയുടെ കീഴിൽ ശുദ്ധജലവിതരണത്തിനായി പമ്പുഹൗസുകളിൽ ആവശ്യത്തിന് ജീവനക്കാർ ഇല്ലാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആവശ്യത്തിന് ജീവനക്കാരെ നിയമിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 130 ലക്ഷം രൂപയാണ് അനുവദിച്ചത്.

(ബി) അനുവദിച്ച തുക മുഴുവൻ വാട്ടർ അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്. ഇതുവരെ 66.66 ലക്ഷം രൂപ ചെലവായിട്ടുണ്ട്. ചെലവായ തുകയുടെ ഇനം തിരിച്ചുള്ള വിവരം താഴെ കൊടുക്കുന്നു.

	രൂപ ലക്ഷത്തിൽ
പൈപ്പുകൾ വാങ്ങിയ ഇനത്തിൽ	38.17
പഴകിയതും ജീർണ്ണിച്ചതുമായ ജി.ഐ.പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്ന ഇനത്തിൽ	11.23
4 കുഴൽക്കിണറുകൾ സ്ഥാപിച്ച ഇനത്തിൽ	12.72
കെമിക്കൽ പമ്പ് സ്ഥാപിച്ച ഇനത്തിൽ	4.54
ആകെ	66.66

ഏഴു കുഴൽക്കിണറുകൾ സ്ഥാപിക്കുന്നതിനും പമ്പിംഗ് മെയിൽ സ്ഥാപിക്കുന്നതിനും വേണ്ട പണികൾ പൂർത്തിയാക്കുവാനുണ്ട്. ബാക്കിയുള്ള തുക ഇതിലേക്കായി നീക്കിവച്ചിരിക്കുന്നു.

(സി) 270 ലക്ഷം ലിറ്റർ ശുദ്ധജലം ആവശ്യമുണ്ട്.

(ഡി) ഉണ്ട്. പുതിയ കുഴൽക്കിണറുകൾ കുഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇപ്പോൾ ആകെ 22 കുഴൽ കിണറുകളിൽ നിന്നും ശേഖരിക്കുന്ന ജലം ക്ലോറിൻ ഗ്യാസ് ഉപയോഗിച്ച് ശുദ്ധീകരിച്ച് 180 ലക്ഷം ലിറ്റർ ശുദ്ധജലം വിതരണം ചെയ്യുന്നു.

(ഇ) ഉണ്ട്. നിലവിലുള്ള ഒഴിവുകളിൽ ഓപ്പറേറ്റർമാരെ നിയമിക്കുന്നതിന് കേരള പബ്ലിക് സർവ്വീസ് കമ്മിഷനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly